# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **888** — **09/8/2017** -ലെ മറുപടി

## മീനാട് കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീമതി. പി.അയിഷാ പോറ്റി | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | മീനാട് കുടിവെള്ള പദ്ധതിയിൽ അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്; | (എ) | പരവൂർ മുനിസിപ്പാലിറ്റിയ്ക്കും 13 സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള മീനാട് ശുദ്ധജല വിതരണ പദ്ധതിയിൽ പാക്കേജ് III-ൽ ഉൾപ്പെട്ട 963 കി.മീ വിതരണ ശൃംഖലയിൽ മുൻകരാറുകാരൻ സ്ഥാപിച്ച പൈപ്പ് ലൈനുകളിൽ അവശേഷിക്കുന്ന ഗ്യാപ്പുകൾ ഉൾപ്പെടെ ഇനി 135 കി.മി. വിതരണ ശൃംഖല സ്ഥാപിക്കാനും 620 കി.മീ വിതരണശൃംഖല കമ്മീഷൻ ചെയ്യുന്നതിനുമുള്ള പണികൾ അവശേഷിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ നിലവിൽ കരാറുകാരൻ ഉപേക്ഷിച്ച നിലയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | 31/7/2017-ൽ ടെർമിനേറ്റ് ചെയ്ത നിലവിലെ കരാറുകാരനായ M/s. Tecpro Infra Ltd ന്റെ സ്റ്റോക്ക് യാർഡുകളിലും റോഡ് സൈഡുകളിലും സൂക്ഷിച്ചിട്ടുള്ള ബാലൻസ് പൈപ്പുകളും സ്പെഷ്യലുകളും എണ്ണിത്തിട്ടപ്പെടുത്തി കേരള വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്നതിനും അവശേഷിക്കുന്ന പണികൾക്കുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ പുതിയ ടെണ്ടറുകൾ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബാക്കി പണികൾ പൂർത്തിയാക്കി പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യുന്നതിന് ഏകദേശം 12 മുതൽ 18 മാസം വരെ വേണ്ടി വരുമെന്ന് കണക്കാക്കുന്നു. |

Reals

സെക്ഷൻ ഓഫീസർ